LIBRARY ARCHIVES Kerala Legislative Assembly

ഡാറ്റാബുക്ക് പരിഷ്ക്കരിക്കാൻ നടപടി

182 (4536) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഡാറ്റാബുക്ക് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പുതിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ ആധുനിക യന്ത്രങ്ങളുടെ നിർമ്മാണ രീതികൾ ഉൾപ്പെടെയുള്ളവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള പരമ്പരാഗത നിർമ്മാണ രീതികളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡാറ്റാബുക്ക് പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനായി ഇപ്പോൾ മാർക്കറ്റിൽ നിലവിലുള്ള എല്ലാ നിർമ്മാണ സാമഗ്രികളുടേയും ആധുനിക രീതിയിലുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളുടേയും സ്ഥിതി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ പ്രസ്തുത ഡാറ്റാ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണ രീതികളിൽ കാലാനുസൃതമായ മാറ്റം വരുത്തുവാനുതകുന്ന നിർദ്ദേശങ്ങളാണ് പുതിയ ഡാറ്റാ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ഇ) കാലവിളംബം കൂടാതെ ഇത് പരിഷ്ക്കരിക്കുന്നതാണ്.

പൊതുമരാമത്ത് നയം

183 (4537) ശ്രീ എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പൊതുമരാമത്ത് നയം രൂപീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് നയത്തിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണനയിലുള്ള പ്രധാന വിഷയങ്ങൾ വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് സ്വനയത്തിന്റെ ഭാഗമായി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

(ഡി) പൊതുമരാമത്ത് രംഗത്തെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ. സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി ഒരു പൊതുമരാമത്ത് നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി & സി) ബാധകമല്ല.

(ഡി) പൊതുമരാമത്ത് രംഗത്തെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ പൊതുമരാമത്ത് മാന്വൽ, സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും തുടരുന്നു. ഇതു കൂടാതെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റിന്റെ പരിഷ്ക്കരണവും അന്തിമഘട്ടത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും മെച്ചപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി പബ്ലിക് ഇൻഫർമേഷൻ സെൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഇതിനോടൊപ്പം ഓരോ ജില്ലയിലേയും പൊതുമരാമത്ത് പ്രവൃത്തികൾ അവലോകനം ചെയ്ത് പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടത്തരം ദേശീയപാതാ വികസനം

184 (4538) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇടത്തരം ദേശീയ പാതാ വികസനത്തിൽ ബി.ഒ.ടി. കരാർ വേണ്ടാ എന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് നൽകിയത് ;

(സി) ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തുന്നതിനും റിപ്പോർട്ട് ലഭ്യമാക്കാനും എന്തെങ്കിലും ഉന്നതാധികാര സമിതിയെ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly